മംഗളം
MANGALAM MALAYALAM NEWS

07 October 2023

# അഗ്രികള്‍ച്ചര്‍ സയന്‍സ് കോണ്‍ഗ്രസ് കൊച്ചിയില്‍

കൊച്ചി: 16 ാമത് അഗ്രികള്‍ച്ചറല്‍ സയന്‍സ് കോണ്‍ഗ്രസ് കൊച്ചിയില്‍. നാഷണല്‍ അക്കാദമി ഓഫ് അഗ്രികള്‍ച്ചറല്‍ സയന്‍സ് (നാസ്) സംഘടിപ്പിക്കുന്ന സമ്മേളനം 10 ന് കേന്ദ്ര ഫിഷറീസ് മന്ത്രി പര്‍ഷോത്തം രൂപാല ഉദ്ഘാടനം ചെയ്യും. കേന്ദ്ര കൃഷി ഗവേഷണ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയും ഇന്ത്യന്‍ കാര്‍ഷിക ഗവേഷണ കൗണ്‍സില്‍ (ഐ.സി.എ.ആര്‍.) ഡയറക്ടര്‍ ജനറലുമായ ഡോ. ഹിമാന്‍ഷു പഥക് അധ്യക്ഷത വഹിക്കും.

സംസ്ഥാന കൃഷി മന്ത്രി പി. പ്രസാദ്, ഹൈബി ഈഡന്‍ എം.പി, ഡോ. ത്രിലോചന്‍ മൊഹാപത്ര, നബാര്‍ഡ് ചെയര്‍മാന്‍ കെ.വി.ഷാജി എന്നിവര്‍ സംബന്ധിക്കും. ഹോട്ടല്‍ ലെ മെറിഡിയനില്‍ നടക്കുന്ന കോണ്‍ഗ്രസിന് ആതിഥ്യം വഹിക്കുന്നത് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനമാണ്.

ലോകബാങ്ക് ലീഡ് ഇക്കണോമിസ്റ്റ് ഡോ മാധൂര്‍ ഗൗതം, ഭാരത് ബയോടെക് എം.ഡി. ഡോ. കൃഷ്ണ എല്ല, കാര്‍ഷിക വില കമ്മീഷന്‍ ചെയര്‍മാന്‍ ഡോ. വിജയ് പോള്‍ ശര്‍മ, ഡോ. പ്രഭു പിന്‍ഗാളി, ഡോ. റിഷി ശര്‍മ, ഡോ. കടമ്പോട്ട് സിദ്ധിഖ് തുടങ്ങിയവര്‍ ചര്‍ച്ചകള്‍ക്ക് നേതൃത്വം നല്‍കും. പോഷകാഹാരക്കുറവ്, കാലാവസ്ഥാ വ്യതിയാനം, ജനിതക വിളകള്‍, മൃഗസംരക്ഷണം, മത്സ്യകൃഷി, ഭക്ഷ്യസംസ്കരണം, ഡിജിറ്റല്‍ കൃഷി, നിര്‍മിതബുദ്ധി അധിഷ്ടിത കാര്‍ഷികവൃത്തി തുടങ്ങിയ വിഷയങ്ങള്‍ സമ്മേളനം ചര്‍ച്ച ചെയ്യും. ഇന്ത്യക്കകത്തും പുറത്തുനിന്നുമായി 1500ലേറെ പ്രതിനിധികള്‍ കോണ്‍ഗ്രസില്‍ പങ്കെടുക്കും.